# 9/2014 - M

1. ശകവർഷം ആരംഭിച്ചതെന്ന് ?
   (A) ബി. സി. 58 (B) ബി. സി. 78 (C) എ. ഡി. 78 (D) എ. ഡി 58

2. ത്രിരത്നങ്ങൾ ഏത് മതവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   (A) ജൈനമതം (B) ബുദ്ധമതം (C) ഹിന്ദുമതം (D) പാഴ്സിമതം

3. ഇന്ത്യൻ ഷേക്സ്പിയർ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?
   (A) അമരസിംഹൻ (B) കാളിദാസൻ (C) ദാസൻ (D) വ്യാസൻ

4. രണ്ടാം അശോകൻ എന്ന് വിശേഷിപ്പിക്കപ്പെട്ടത് ആരെയാണ് ?
   (A) കനിഷ്കൻ (B) ഹർഷൻ (C) ഖാരവേലൻ (D) സമുദ്രഗുപ്തൻ

5. 2011-ലെ ലോകകപ്പ് ക്രിക്കറ്റ് ജേതാക്കൾ :
   (A) പാകിസ്ഥാൻ (B) ശ്രീലങ്ക (C) ഇന്ത്യ (D) ആസ്ട്രേലിയ

6. ബുദ്ധമതക്കാരുടെ ആരാധനാലയം :
   (A) ഗുരുദ്വാര (B) വിഹാരം (C) ക്ഷേത്രം (D) പഗോഡ

7. 'ഇൻഡിക്ക' രചിച്ചതാര് ?
   (A) ചാണക്യൻ (B) മെഗസ്തനീസ് (C) ഫാഹിയാൻ (D) ഹുയാൻ സാങ്

8. കലിംഗം ഇപ്പോൾ അറിയപ്പെടുന്നത് :
   (A) ഗുജറാത്ത് (B) ബംഗാൾ (C) ഒറീസ (D) ബീഹാർ

9. ആര്യന്മാർ ഇന്ത്യയിൽ ആദ്യമായി കുടിയേറിയ സ്ഥലം :
   (A) കാശ്മീർ (B) പഞ്ചാബ് (C) വംഗദേശം (D) മഗധ

10. കരിങ്കൽ ക്വാറികളിൽ ജോലി ചെയ്യുന്നവരിൽ കാണപ്പെടുന്ന രോഗം :
    (A) സീറോസിസ് (B) ലുക്കേമിയ (C) ന്യൂറോപതി (D) സിലിക്കോസിസ്

11. നെല്ലിന്റെ ശാസ്ത്രനാമം :

(A) ഒറൈസ സറ്റൈവ (B) കൊക്കോസ ന്യൂസിഫെറ

(C) ഹിബിസ്കസ് (D) ഹോമോസാപിയൻസ്

12. നളന്ദ സർവ്വകലാശാല സ്ഥാപിച്ചത് ആരുടെ ഭരണകാലത്താണ് ?

(A) ചന്ദ്രഗുപ്ത മൗര്യൻ (B) കനിഷ്കൻ

(C) സമുദ്രഗുപ്തൻ (D) ഹർഷവർദ്ധൻ

13. ദശാംശ സമ്പ്രദായം ഏത് രാജ്യത്താണ് ആരംഭിച്ചത് ?

(A) ജർമ്മനി (B) നേപ്പാൾ (C) ജപ്പാൻ (D) ഇന്ത്യ

14 ഇന്ത്യൻ നെപ്പോളിയൻ എന്നറിയപ്പെടുന്നത് ആര് ?

(A) ചന്ദ്രഗുപ്തൻ (B) അശോകൻ (C) സമുദ്രഗുപ്തൻ (D) ചാണക്യൻ

15. വിവരാവകാശ നിയമം നടപ്പിലാക്കിയ വർഷം :

(A) 2006 (B) 2005 (C) 2009 (D) 2007

16. 'അറബ് വസന്തം' എന്നത് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) റഷ്യൻ വിപ്ലവം (B) ഹരിത വിപ്ലവം

(C) മുല്ലപ്പൂ വിപ്ലവം (D) ഫ്രഞ്ച് വിപ്ലവം

17. ഭൂചലന തീവ്രത അളക്കുന്നതിനുള്ള ഉപകരണം :

(A) റിക്ടർ സ്കെയിൽ (B) സീസ്മോഗ്രാഫ്

(C) അൾട്ടിമീറ്റർ (D) കാലിഡോസ്കോപ്പ്

18. ഇന്ത്യയിലെ മനുഷ്യനിർമ്മിതമായ ഏറ്റവും വലിയ തടാകം :

(A) ബാണാസുര (B) നാഗാർജ്ജുന സാഗർ

(C) ചിൽക്ക (D) നർമ്മദ

19. ചന്ദ്രയാൻ ദൗത്യം ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) പുരാവസ്തു ഗവേഷണം (B) ബഹിരാകാശ ഗവേഷണം

(C) സമുദ്രപഠനം (D) ഗോളശാസ്ത്രം

20 ഫ്രഞ്ച് വിപ്ലവം നടന്ന വർഷം :

(A) 1879 (B) 1789 (C) 1589 (D) 1689

21. ജ്ഞാനപീഠം പുരസ്കാരം നേടിയ ആദ്യ മലയാളി ആര് ?

(A) ഒ. എൻ. വി. കുറുപ്പ് (B) ഗോവിന്ദമേനോൻ

(C) ജി. ശങ്കരക്കുറുപ്പ് (D) ഡി. വിനയചന്ദ്രൻ

22. എവറസ്റ്റ് കൊടുമുടി ഏത് രാജ്യത്തിലാണ് ?

(A) ചൈന (B) നേപ്പാൾ (C) ഇന്ത്യ (D) മ്യാൻമാർ

23. ഏറ്റവും ചെറിയ സസ്യം :

(A) കണ്ടൽ ചെടി (B) പുല്ല് (C) ബാക്ടീരിയ (D) പായൽ

24. എക്സ് റേ കണ്ടുപിടിച്ചതാര് ?

(A) ലാവോസിയെ (B) ന്യൂട്ടൺ

(C) വിൽഹം റോൺട്ജൻ (D) മേരി ക്യൂറി

25. മികച്ച കായിക പരിശീലകർക്ക് നൽകുന്ന ദേശീയ അവാർഡ് :

(A) അർജ്ജുന അവാർഡ് (B) ദ്രോണാചാര്യ അവാർഡ്

(C) ഫാൽക്കെ അവാർഡ് (D) ഗ്രാമി അവാർഡ്

26. മൊണാലിസ ആരുടെ രചനയാണ് ?

(A) പിക്കാസോ (B) ബിഥോവൻ

(C) ലിയോനാർഡോ ഡാവിഞ്ചി (D) വാൻഗോഗ്

27. ബന്ദിപ്പൂർ നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്നതെവിടെ ?

(A) കേരളം (B) ആന്ധ്രാപ്രദേശ് (C) തമിഴ്നാട് (D) കർണ്ണാടകം

28. പുഷ്പിച്ചാൽ വിളവുകുറയുന്ന സസ്യം :

(A) നെല്ല് (B) കരിമ്പ് (C) ഗോതമ്പ് (D) തെങ്ങ്

29. വാണ്ടിവാഷ് യുദ്ധത്തിൽ ഇന്ത്യയിലെ ബ്രിട്ടീഷ് സൈന്യം ആരുമായിട്ടാണ് ഏറ്റുമുട്ടിയത് ?
(A) പോർച്ചുഗീസ് (B) ജർമ്മനി (C) ഫ്രാൻസ് (D) ഇറ്റലി

30. അലുമിനിയത്തിന്റെ അയിര് താഴെപ്പറയുന്നവയിൽ ഏതാണ് ?
(A) ബോക്സൈറ്റ് (B) ഹേമറ്റൈറ്റ് (C) ഇൽമനൈറ്റ് (D) മാഗ്നറ്റൈറ്റ്

31. വെള്ളത്തിലിട്ടാൽ കത്തുന്ന ലോഹം :
(A) ഫോസ്ഫറസ് (B) നിയോൺ (C) ആർഗൺ (D) സോഡിയം

32. തലച്ചോറിലെ വലുപ്പമേറിയ ഭാഗം :
(A) സെറിബ്രം (B) സെറിബെല്ലം
(C) ഹൈപ്പോതലാമസ് (D) തലാമസ്

33. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം :
(A) ഇരുമ്പ് (B) സോഡിയം (C) കാൽസ്യം (D) പൊട്ടാസ്യം

34. 'ഇന്ത്യൻ ഭരണഘടനയുടെ ശിൽപി' എന്നറിയപ്പെടുന്നത് ആരാണ് ?
(A) മഹാത്മാ ഗാന്ധി (B) ജവഹർ ലാൽ നെഹ്റു
(C) മോത്തിലാൽ നെഹ്റു (D) ഡോ. ബി. ആർ. അംബേദ്ക്കർ

35. എവറസ്റ്റ് കൊടുമുടി കീഴടക്കിയ ഏക കേരളീയൻ :
(A) കെ. ആർ. നാരായണൻ (B) സി. ബാലകൃഷ്ണൻ
(C) സി. ശങ്കരൻ നായർ (D) സി. എം. സ്റ്റീഫൻ

36. നദീജലവുമായി ബന്ധപ്പെട്ട് കേരളവും തമിഴ്നാടും തർക്കത്തിലിരിക്കുന്ന അണക്കെട്ട് :
(A) മുല്ലപ്പെരിയാർ (B) ഇടമലയാർ (C) മലമ്പുഴ (D) പീച്ചി

37. ഫാഹിയാൻ ഇന്ത്യയിലെത്തിയ കാലഘട്ടം :
(A) എ.ഡി. അഞ്ചാം നൂറ്റാണ്ട് (B) ബി. സി. മൂന്നാം നൂറ്റാണ്ട്
(C) ബി. സി. നാലാം നൂറ്റാണ്ട് (D) എ. ഡി. രണ്ടാം നൂറ്റാണ്ട്

38. നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് ഈയിടെ അന്വേഷണം നടത്തിയ കമ്മീഷൻ :

(A) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ (B) ജസ്റ്റിസ് കെ.ടി. തോമസ് കമ്മിഷൻ

(C) ജസ്റ്റിസ് ലിബർഹാൻ കമ്മീഷൻ (D) ഇവയൊന്നുമല്ല

39. യൂറോപ്പിലെ രോഗി എന്നറിയപ്പെടുന്ന രാജ്യം ഏത് ?

(A) തുർക്കി (B) ടുണീഷ്യ (C) ഫ്രാൻസ് (D) ജർമ്മനി

40. കേക്കുകളുടെ നാട് എന്നറിയപ്പെടുന്ന രാജ്യം ഏത് ?

(A) ജപ്പാൻ (B) നോർവ്വേ (C) ക്യൂബ (D) സ്കോട്ട്ലാൻഡ്

41. 'സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ' രചിച്ചതാര് ?

(A) ലൂയി ഫിഷർ

(B) ജവഹർ ലാൽ നെഹ്റു

(C) ഡൊമിനിക് ലാപിയറും ലാറി കോളിൻസും

(D) മഹാത്മാഗാന്ധി

42. വൈദ്യുത പ്രതിരോധത്തിന്റെ യൂണിറ്റ് ഏത് ?

(A) ഓം (B) വോൾട്ട് (C) വാട്ട് (D) ആമ്പിയർ

43. ഡയാലിസിസ് ഏത് രോഗവുമായി ബന്ധപ്പെട്ടതാണ് ?

(A) ഹൃദയം (B) കണ്ണ് (C) മസ്തിഷ്കം (D) വൃക്ക

44. ഏറ്റവും വലിയ ഉരഗം ഏത് ?

(A) മുതല (B) അനക്കോണ്ട (C) സലാമാൻഡർ (D) പെരുമ്പാമ്പ്

45. രക്തഗ്രൂപ്പുകൾ കണ്ടുപിടിച്ചതാര് ?

(A) ക്രിസ്ത്യൻ ബർണാഡ് (B) വില്യം ഹാർവി

(C) കാൾ ലാൻഡ് സ്റ്റെയിനർ (D) ലൂയി പാസ്റ്റർ

46. ലോക പുകയില വിരുദ്ധദിനമായി ആചരിക്കുന്നതെന്ന് ?

(A) ജൂൺ 15 (B) മെയ് 31 (C) ജൂൺ 5 (D) നവംബർ 14

47. ഭൂമിയുടേതു പോലെ സമാനമായ ദിനരാത്രങ്ങൾ ഉള്ള ഗ്രഹം :

(A) ശുക്രൻ (B) ശനി (C) വ്യാഴം (D) ചൊവ്വ

48. അണ്ണാ ഹസാരെയുടെ സമരം ഏതുമായി ബന്ധപ്പെട്ടതാണ് ?

(A) ലോക്പാൽ ബിൽ (B) ലോകായുക്ത

(C) വിവരാവകാശം (D) ലോക്സഭ സീറ്റ്

49. ഭൂപട നിർമ്മാണ ശാസ്ത്രം എന്നറിയപ്പെടുന്നത് ഏത് ?

(A) ഡെമോഗ്രഫി (B) കാർട്ടോഗ്രഫി

(C) നുമിസ്മാറ്റിക്സ് (D) എത്ത്നോഗ്രാഫി

50. പഴങ്ങളുടെ റാണി എന്നറിയപ്പെടുന്നത് ഏത് ?

(A) ചക്ക (B) മാങ്കോസ്റ്റിൻ (C) ആപ്പിൾ (D) ഓറഞ്ച്

51. താഴെപ്പറയുന്നവയിൽ ഗാന്ധിജി പ്രസിദ്ധീകരിച്ച പത്രം ഏതാണ് ?

(A) നാഷണൽ ഹെറാൾഡ് (B) യങ് ഇന്ത്യ

(C) കേസരി (D) നാഷണൽ കോൾ

52. ബിലാത്തി വിശേഷം എന്ന യാത്രാ വിവരണഗ്രന്ഥം എഴുതിയതാര് ?

(A) കെ. പി. കേശവമേനോൻ (B) രാമകൃഷ്ണപിള്ള

(C) ബാലകൃഷ്ണപിള്ള (D) വക്കം അബ്ദുൾ ഖാദർ മൗലവി

53. സംസ്കാരത്തിന്റെ കളിത്തൊട്ടിൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്ഥലം :

(A) മോഹൻജദാരോ (B) മെസപ്പൊട്ടോമിയ

(C) പഞ്ചാബ് (D) സിന്ധ്

54. കോമൺ വെൽത്ത് ഗെയിംസ് ആരംഭിച്ച വർഷം :

(A) 1925 (B) 1932 (C) 1930 (D) 1931

55. സെല്ലുലാർ ഫോണിന്റെ പിതാവ് :

(A) മാർട്ടിൻ കൂപ്പർ (B) ചാൾസ് ബബേജ്

(C) മാർട്ടിൻ ക്രെയിൻ (D) തോംസൺ

56. നീലഗ്രഹം എന്നറിയപ്പെടുന്നതേത് ?

(A) ചൊവ്വ (B) യുറാനസ് (C) നെപ്ട്യൂൺ (D) ഭൂമി

57. മഴ അളക്കുന്നതിനുള്ള ഉപകരണം :

(A) മീറ്റർ ഗേജ് (B) ബ്രോഡ് ഗേജ് (C) സ്ക്രൂഗേജ് (D) റെയിൻഗേജ്

58. ' പാരഡൈസ് ലോസ്റ്റ് ' എഴുതിയതാര് ?

(A) മാക്കി വില്ലി (B) ജോൺ മിൽട്ടൺ

(C) ആഡംസ്മിത്ത് (D) ജോർജ്ജ് ഓർവെൽ

59 ' എക്സ്ട്രാ കവർ' ഏത് കളിയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) ക്രിക്കറ്റ് (B) ടെന്നീസ് (C) കുതിരപ്പന്തയം (D) ഹോക്കി

60. ലോക പുസ്തക ദിനം എന്നാണ് ?

(A) ഏപ്രിൽ 22 (B) മർച്ച് 22 (C) മാർച്ച് 23 (D) ഏപ്രിൽ 23

61. ഭൗമോപരിതലത്തിൽ ഏറ്റവും കൂടുതലുള്ള ലോഹം :

(A) അലൂമിനിയം (B) ഇരുമ്പ് (C) ചെമ്പ് (D) വെങ്കലം

62. ഏറ്റവും ചൂടുകൂടിയ ഗ്രഹം :

(A) ഭൂമി (B) വ്യാഴം (C) ശുക്രൻ (D) പ്ലൂട്ടോ

63. ഇന്ത്യയേയും പാകിസ്ഥാനേയും വേർതിരിക്കുന്ന രേഖ :

(A) റാഡ് ക്ലിഫ് രേഖ (B) ഡ്യൂറണ്ട് രേഖ

(C) മക്മോഹൻ രേഖ (D) 38 -ാം സമാന്തര രേഖ

64. നേപ്പാളിന്റെ തലസ്ഥാനം :

(A) ഇസ്ലാമാബാദ് (B) ആംസ്റ്റർഡാം (C) കാഠ്മണ്ഡു (D) കൊലാലമ്പൂർ

65. ആപേക്ഷിക സിദ്ധാന്തം ആവിഷ്ക്കരിച്ചതാര് ?

(A) ഐസക് ന്യൂട്ടൺ (B) ജയിംസ് ചാഡ്‌വിക്

(C) സ്റ്റീഫൻ ഹോക്കിൻസ് (D) ആൽബർട്ട് ഐൻസ്റ്റീൻ

66. ഇന്ത്യൻ കറൻസി നോട്ടിൽ എത്ര ഭാഷകൾ രേഖപ്പെടുത്തിയിട്ടുണ്ട് ?

(A) 16 (B) 18 (C) 15 (D) 17

67. സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം നേടിയ ആദ്യ ഏഷ്യാക്കാരൻ :

(A) മുഹമ്മദ് യൂനസ് (B) അമർത്യാസെൻ

(C) ആഡംസ്മിത്ത് (D) ഡോ. മൻമോഹൻ സിംഗ്

68. എല്ലാ ആസിഡുകളിലും അടങ്ങിയിരിക്കുന്ന മൂലകം ഏത് ?

(A) ഹൈഡ്രജൻ (B) ഹീലിയം (C) ഓക്സിജൻ (D) കാർബൺ

69. ഇന്റർനെറ്റ് എഡിഷൻ ആരംഭിച്ച ആദ്യ മലയാള പത്രം :

(A) മലയാള മനോരമ (B) ദീപിക

(C) മംഗളം (D) മാതൃഭൂമി

70. വൈക്കം സത്യാഗ്രഹം ആരംഭിച്ചത് എന്നാണ് ?

(A) 1923 മാർച്ച് 23 (B) 1924 മാർച്ച് 22 (C) 1924 മാർച്ച് 24 (D) 1924 മാർച്ച് 30

71. ഫിക്സിംഗിന് ഉപയോഗിക്കുന്ന ലായനി ഏത് ?

(A) ഹൈപ്പോ (B) സോഡിയം കാർബണേറ്റ്

(C) ആലം (D) സോഡിയം ബൈ കാർബണേറ്റ്

72. ഫോട്ടോ കെമിക്കലുകളിൽ ഏറ്റവും വിഷാംശമുള്ള കെമിക്കൽ ഏത് ?

(A) ഹൈപ്പോ (B) ഹൈഡ്രോക്വിനോൺ

(C) മീറ്റാൾ (D) സോഡിയം കാർബണേറ്റ്

73. ഡെവലപ് ചെയ്യുമ്പോൾ ഫിലിം ചൂടുമൂലം ഉരുകിപോകാതിരിക്കാൻ ഏതു ലായനി ഉപയോഗിക്കുന്നു ?

(A) പൊട്ടാസ്യം ഫെറി സൈനയിഡ് (B) ഹൈപ്പോ

(C) സോഡിയം കാർബണൈറ്റ് (D) ക്രോം ആലം

74. റോൾ ഫിലിം ഡെവലപ്പ് ചെയ്യാൻ ഉപയോഗിക്കുന്ന ഡവലപ്പർ ഏത് ?

(A) ഫൈൻഗ്രെയിൻ (B) കോൺട്രാസ്റ്റ്

(C) സോഫ്റ്റ് (D) ഇതൊന്നുമല്ല

75. ഫൈൻഗ്രെയിൻ ഡവലപ്പറിൽ അടങ്ങിയിരിക്കുന്ന മുഖ്യ കെമിക്കലുകൾ ഏതെല്ലാം ?

(A) മീറ്റാൾ, ഹൈഡ്രോക്വിനോൺ, സോഡിയം സൾഫേറ്റ്

(B) മീറ്റാൾ, സോഡിയം കാർബണേറ്റ്, ഹൈഡ്രോക്വിനോൺ

(C) മീറ്റാൾ, ഹൈഡ്രോക്വിനോൺ, സോഡിയം തയോസൾഫേറ്റ്

(D) സോഡിയം ക്ലോറൈഡ്, മീറ്റാൾ, ഹൈഡ്രോക്വിനോൺ

76. ഹൈപ്പോയുടെ രാസനാമം എന്ത് ?

(A) സോഡിയം കാർബണേറ്റ് (B) സോഡിയം തയോസൾഫേറ്റ്

(C) സോഡിയം ക്ലോറൈഡ് (D) സോഡിയം മെറ്റാ ബൈ സൾഫേറ്റ്

77. കോൺടാക്ട് പ്രിന്റെടുക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണം ഏത് ?

(A) എൻലാർജർ (B) ലെൻസ് (C) മിറർ (D) പ്രിന്റിംഗ് ബോക്സ്

78. കോൺടാക്ട് പ്രിന്റ് എടുക്കുമ്പോൾ നെഗറ്റീവിന്റെയും ഫോട്ടോഗ്രാഫിക് പേപ്പറിന്റെയും എമൾഷൻ സൈഡ് തമ്മിൽ എങ്ങനെയായിരിക്കണം ?

(A) അഭിമുഖമായി (B) എതിർദിശയിൽ (C) അകലത്തിൽ (D) ഇതൊന്നുമല്ല

79. കോൺട്രാസ്റ്റായിട്ടുള്ള നെഗറ്റീവിന്റെ പ്രിന്റ് എടുക്കാൻ ഉപയോഗിക്കുന്ന ഡെവലപ്പർ :

(A) കോൺട്രാസ്റ്റ് (B) സോഫ്റ്റ് (C) ഫൈൻഗ്രെയിൻ (D) റെഡിമെയ്ഡ്

80. ഫിലിം ഡവലപ് ചെയ്യുമ്പോൾ ഡാർക്ക് റൂമിൽ :

(A) നീല ലൈറ്റ് വേണം (B) പൂർണ്ണമായും ഇരുട്ടായിരിക്കണം

(C) മഞ്ഞലൈറ്റ് വേണം (D) അരണ്ട വെളിച്ചം ആകാം

81. പ്രിന്റ് ചെയ്യുമ്പോൾ ഡാർക്ക് റൂമിൽ ഏതു നിറത്തിലുള്ള ലൈറ്റ് ആണ് ഉപയോഗിക്കുന്നത് ?

(A) പച്ച (B) നീല (C) വയലറ്റ് (D) ചുവപ്പ്

82. പ്രിന്റിംഗ് ബോക്സിൽ ഉപയോഗിക്കുന്നത് താഴെപ്പറയുന്നവയിൽ ഏതൊക്കെയാണ് ?

(A) ലെൻസും ബൾബും (B) മിററും ബൾബും

(C) ഗ്ലാസ്സും ബൾബും (D) ഇതൊന്നുമല്ല

83. കോൺടാക്ട് പ്രിന്റ് ചെയ്യുമ്പോൾ ബൾബിൽനിന്നും വരുന്ന പ്രകാശത്തിന്റെ തീവ്രത കുറയ്ക്കുവൻ താഴെ പറയുന്നവയിൽ ഏതാണ് ഉപയോഗിക്കുന്നത് ?

(A) വെള്ളപേപ്പർ (B) ചുവന്ന പേപ്പർ (C) മഞ്ഞപേപ്പർ (D) ടിഷ്യു പേപ്പർ

84. മിക്സ്ഡ് ഡെവലപ്പർ തയ്യാറാക്കുമ്പോൾ ആദ്യം ചേർക്കുന്ന കെമിക്കൽ ഏതാണ് ?

(A) ഹൈഡ്രോക്വിനോൺ (B) സോഡിയം സൾഫേറ്റ്

(C) മീറ്റാൾ (D) സോഡിയം കാർബണേറ്റ്

85. ഓവർ എക്സ്പോസിംഗ് ആയ നെഗറ്റീവിന്റെ തീവ്രത കുറയ്ക്കുന്നതിന് ഏത് കെമിക്കലിന്റെ ലായനിയാണ് ഉപയോഗിക്കുന്നത് ?

(A) പൊട്ടാസ്യം ഫെറി സൈനയിഡ് (B) ഹൈപ്പോ

(C) സോഡിയം സൾഫേറ്റ് (D) സോഡിയം കാർബണേറ്റ്

86. ഡെവലപ്പർ തയ്യാറാക്കി സൂക്ഷിക്കുന്നത് ഏതു നിറത്തിലുള്ള കുപ്പികളിലാണ് ?

(A) വെള്ള (B) മഞ്ഞ (C) ബ്രൗൺ (D) വയലറ്റ്

87. വളരെയധികം സുതാര്യമായ നെഗറ്റീവുകൾ പ്രിന്റ് ചെയ്യാൻ ഉപയോഗിക്കുന്ന ഫോട്ടോഗ്രാഫിക് പേപ്പർ ഏത് ?

(A) സോഫ്റ്റ് (B) നോർമ്മൽ (C) ഹാർഡ് (D) എക്സ്ട്രാ ഹാർഡ്

88. ഏതു ഫോട്ടോഗ്രാഫിക് പേപ്പറിൽ പ്രിന്റ് ചെയ്ത ഫോട്ടോയാണ് ഗ്ലേസിംഗ് ചെയ്യുന്നത് ?

(A) സോഫ്റ്റ് (B) നോർമൽ (C) ഗ്ലോസ്സി (D) ഹാർഡ്

89. ഫോട്ടോ ഗ്ലേസ് ചെയ്യാൻ ഉപയോഗിക്കുന്നതെന്ത് ?

(A) ഡിഷ് (B) ഡ്രയർ (C) ഗ്ലേസിംഗ് ഷീറ്റ് (D) കട്ടർ

90. എൻലാർജറിൽ പ്രിന്റ് ചെയ്യുമ്പോൾ പ്രകാശം കൂടിയ ഭാഗം ക്രമീകരിക്കാൻ എന്തു ചെയ്യുന്നു?

(A) സൂമിംഗ് (B) ഡോഡ്ജിംഗ് (C) എൻലാർജിംഗ് (D) ഡിമിനിഷിംഗ്

91. എൻലാർജറിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളിൽ ഒന്നാണ് :

(A) ടെലിലെൻസ് (B) വൈഡ് ലെൻസ്

(C) സൂം ലെൻസ് (D) കണ്ടൻസർ

92. കട്ട് ഫിലിം ഉപയോഗിക്കുമ്പോൾ സൈഡ് തിരിച്ചറിയുന്നതെങ്ങനെ ?

(A) ഇടത് വശത്ത് താഴെ കട്ടിംഗ്സ്

(B) ഇടതുവശത്ത് മുകളിൽ കട്ടിംഗ്സ്

(C) ഇടതുവശത്ത് മദ്ധ്യത്തിൽ കട്ടിംഗ്സ്

(D) വലതുവശത്ത് താഴെ കട്ടിംഗ്സ്

93. റോൾ ഫിലിം ഡവലപ്പിംഗിന് സൗകര്യപ്രദമായ രീതി ഏത് ?

(A) ഹാൻഡ് ഡവലപ്പിംഗ് (B) ഡിഷ് ഡവലപ്പിംഗ്

(C) ടാങ്ക് ഡവലപ്പിംഗ് (D) ഇതൊന്നുമല്ല

94. ഹൈലൈറ്റ് നിയന്ത്രിക്കാൻ നെഗറ്റീവിൽ എന്തുചെയ്യണം ?

(A) വാഷിംഗ് (B) പിങ്ക് വാഷിംഗ് (C) റീ ടച്ചിംഗ് (D) ഫിനിഷിംഗ്

95. റീ ടച്ചിംഗ് ചെയ്യുന്നത് താഴെപ്പറയുന്നവയിൽ ഏതിലാണ് ?

(A) ഫോട്ടോ (B) നെഗറ്റീവ് (C) എൻലാർജർ (D) ടിഷ്യുപേപ്പർ

96. മിക്സ്ഡ് ഡെവലപ്പർ തയ്യാറാക്കുമ്പോൾ അവസാനം ചേർക്കുന്ന കെമിക്കൽ ഏതാണ് ?

(A) മീറ്റാൾ (B) സോഡിയം സൾഫേറ്റ്

(C) സോഡിയം കാർബണേറ്റ് (D) ബൊറാക്സ്

97. ഫോട്ടോ പ്രിന്റിംഗ് പേപ്പർ എത്ര തരം ഉണ്ട് ?

(A) 3 (B) 2 (C) 6 (D) 4

98. ഫിലിം വാഷ് ചെയ്യുന്ന ഹൈപ്പോ ലായനിയിൽ അടിഞ്ഞുകൂടുന്ന ലവണം ഏത് ?

(A) ചെമ്പ് (B) കാഡ്മിയം (C) വെള്ളി (D) നിക്കൽ

99. 12" × 10" വലിപ്പമുള്ള ഫോട്ടോഗ്രാഫിക് പേപ്പറിൽ നിന്നും കുറഞ്ഞത് എത്ര പാസ്പോർട്ട് സൈസ് പ്രിന്റ് എടുക്കാം ?

(A) 8 (B) 16 (C) 10 (D) 12

100. എൻലാർജറിൽ പ്രിന്റ് ചെയ്യുമ്പോൾ പ്രകാശം കുറഞ്ഞ ഭാഗം ക്രമീകരിക്കാൻ എന്തു ചെയ്യുന്നു?

(A) ബേണിംഗ് (B) ഷേഡിംഗ് (C) ഡോഡ്ജിംഗ് (D) ഫിക്സിംഗ്

-o0o-